# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1409 — 07.06.2018-ൽ മറുപടിക്ക്

## അംഗീകാരമില്ലാത്ത സ്കൂളുകൾ

| ചോദ്യം<br>ശ്രീ. പി.ടി. തോമസ് | | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇത്തരം സ്കൂളുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ഇത്തരം സ്കൂളുകൾ പ്രവർത്തിപ്പിക്കുന്നത് അനുവദനീയമാണോ; | (ബി) | അനുവദനീയമല്ല. |
| (സി) | പ്രസ്തുത സ്കൂളുകൾ അടച്ച് പൂട്ടണമെന്ന നിർദ്ദേശം നൽകിയിരുന്നോ; ആ നിർദ്ദേശം നടപ്പിലാക്കുവാൻ സാധിക്കാതെ വന്ന സാഹചര്യമെന്താണെന്ന് അറിയിക്കുമോ; | (സി) | വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ അവകാശ ചട്ടം 2011 - ലെ ചട്ടം 14 പ്രകാരം സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുകയും ഇതനുസരിച്ച് 10.06.2013 – ലെ സ.ഉ. (കൈ) നം. 184/2013/പൊ.വി.വ. ഉത്തരവ് പ്രകാരം സംസ്ഥാനപാഠ്യപദ്ധതിയിൽ ഉൾപ്പെട്ട അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നേടുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച്, മാനദണ്ഡങ്ങൾ പാലിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തതുമായ 395 സ്കൂളുകൾക്ക് അംഗീകാരം നൽകുകയുമുണ്ടായി. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെയും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ 2018 – 19 അധ്യയന വർഷം മുതൽ അടച്ച് പൂട്ടുന്നതിന് സർക്കാർ തീരുമാനിക്കുകയും തുടർ നടപടികൾക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. എന്നാൽ അംഗീകാരം ലഭിക്കുന്നതിനു അർഹതയുണ്ടായിരുന്നിട്ടും അംഗീകാരം ലഭിച്ചില്ലെന്ന പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ അർഹതയുള്ള കേസ്സുകൾ പുന:പരിശോധിക്കുവാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | അനാദായകരമായ സർക്കാർ സ്കൂളുകൾ വർദ്ധിക്കുന്നതിന് അംഗീകാരമില്ലാത്ത ഇത്തരം സ്കൂളുകളുടെ പ്രവർത്തനം ഒരു പരിധിവരെ കാരണമായിട്ടുണ്ടോ; | (ഡി) | മറ്റു പല ഘടകങ്ങൾക്കൊപ്പം ഇതും ഒരു കാരണമാണ്. |
| (ഇ) | അംഗീകാരമില്ലാത്ത സ്കൂളുകളുടെ പ്രവർത്തനം തടയുന്നതിനും പുതിയ ഇത്തരം സ്കൂളുകൾ ആരംഭിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിനും എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | (ഇ) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങൾ ഹൈടെക്കാക്കുവാനും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുവാനുമുള്ള നടപടി ക്രമങ്ങൾ സർക്കാർ സ്വീകരിക്കുകയും കൈക്കൊണ്ട നടപടികളുടെ ഫലമായി കൂടുതൽ വിദ്യാർത്ഥികളെ പൊതു വിദ്യാലയങ്ങളിലേക്ക് ആകർഷിക്കുവാൻ സാധിച്ചിട്ടുണ്ട്. ആയത് അനംഗീകൃത സ്കൂളുകളുടെ പ്രവർത്തനം കുറയ്ക്കുവാൻ സഹായകമാകുന്നതാണ്. സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ/അംഗീകാരത്തോടെ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി സർക്കാർ വെബ്സൈറ്റിലും, ദൃശ്യ, ശ്രാവ്യ, പത്ര മാധ്യമങ്ങളിലും നൽകുവാനും വിദ്യാഭ്യാസ ഓഫീസുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജനങ്ങളുടെ അറിവിലേക്കായി പ്രദർശിപ്പിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ